# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2196 — 11/03/2020-ൽ മറുപടിക്ക്

### വൈദ്യുതി ലൈനിലെ ജോലിക്കിടയിലെ അപകടമരണങ്ങൾ

| | ചോദ്യം<br><br>**ശ്രീ.സണ്ണി ജോസഫ്**<br>**,, ഷാഫി പറമ്പിൽ**<br>**,, വി.എസ്.ശിവകുമാർ**<br>**,, അനിൽ അക്കര** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈദ്യുതി കമ്പി പൊട്ടിവീണും, വൈദ്യുതി ലൈനിലെ ജോലിക്കിടയിലും മരണം സംഭവിക്കുന്നത് ആവർത്തിക്കുന്നത് എന്തുകൊണ്ടാണ്; | (എ) | വൈദ്യുതി വിതരണ ലൈനുകൾക്ക് സമീപമുള്ളതും നിശ്ചിത അകലം പാലിക്കാത്തതുമായ വൃക്ഷങ്ങളുടെ ശിഖരങ്ങൾ ശക്തമായ കാറ്റ് വീശുന്ന സമയങ്ങളിൽ വൈദ്യുതി ലൈനുകളുമായി സമ്പർക്കത്തിൽപെട്ട് കമ്പികൾ പൊട്ടി നിലത്തുവീഴുന്നതിൽ നിന്ന് വൈദ്യുതാഘാതമേറ്റ് പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന അപകടങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതായും, മഴക്കെടുതികൾ, പ്രകൃതിക്ഷോഭം എന്നിവയുണ്ടാകുന്ന അവസരങ്ങളിൽ ലൈൻ പൊട്ടി വീണും വൈദ്യുതാഘാതമേറ്റുമുള്ള മരണനിരക്കിൽ നേരിയ രീതിയിൽ വർദ്ധനവ് ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി ലൈനുകളിൽ പണിയെടുക്കുമ്പോൾ സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തേണ്ട സാഹചര്യങ്ങളിൽ സുരക്ഷാ മാനദണ്ഡങ്ങൾ നിർബന്ധമായി പാലിക്കുന്നതിനുള്ള ജീവനക്കാരുടെ വിമുഖത കാരണവും Personnel Protective equipment (അരക്കയർ, എർത്തിംഗ് തുടങ്ങിയവ) ഉപയോഗിക്കുന്നതിനുള്ള താല്പര്യക്കുറവും, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അവഗണിക്കുന്നതു മൂലവും, ഉയരത്തിൽ നിന്നും കാൽ വഴുതി വീണും, വൈദ്യുതി ബന്ധം വിച്ഛേദിച്ചു എന്ന് ഉറപ്പുവരുത്താതെ അറ്റകുറ്റ പണിയിലേർപ്പെടുന്നതും, അനധികൃത പ്രവൃത്തികളിൽ ഏർപ്പെടുന്നതു മൂലവും, വൈദ്യുതാഘാതമേറ്റും അപകടങ്ങൾ സംഭവിക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡ് വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട് ജീവനക്കാർ |

| | | | |
|---|---|---|---|
| | | | ക്കിടയിൽ മേൽ വിഷയങ്ങൾ സംബന്ധിച്ച് വിപുലമായ രീതിയിലുള്ള ബോധവൽക്കരണം നടത്തുകയും കൂടാതെ പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണം കുടുംബശ്രീ വഴിയും സ്കൂൾ വിദ്യാർഥികൾ വഴിയും പഞ്ചായത്ത് തലത്തിലും കൂടാതെ വിവിധ തലങ്ങളിലും നല്കിയിട്ടുള്ളതുമാകുന്നു. എങ്കിലും അപകടങ്ങൾ കുറയ്ക്കുന്നതിനു വിവിധ വകുപ്പുകൾ യോജിച്ച് ബോധവൽക്കരണം ഊർജിതമാക്കിയാൽ മാത്രമേ ഈ വിധത്തിലുള്ള അപകടങ്ങൾ കുറയ്ക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ വൈദ്യുതി കമ്പി പൊട്ടി വീണാൽ വൈദ്യുതി വിച്ഛേദിക്കാൻ ആധുനിക ഉപകരണങ്ങൾ കാലക്രമത്തിൽ ഉപയോഗത്തിൽ വരുമ്പോൾ വൈദ്യുതി കമ്പി പൊട്ടി വീണുള്ള അപകടങ്ങൾ പൂർണ്ണമായി ഒഴിവാക്കാൻ കഴിയും. |
| (ബി) | മാവേലിക്കരയിലും തളിപ്പറമ്പിലും ലൈനിൽ ജോലിക്കിടെ കെ.എസ്. ഇ.ബി. ജീവനക്കാർ മരിച്ചത് വകുപ്പിന്റെ ഭാഗത്ത് നിന്നും ഉണ്ടായ അനാസ്ഥ മൂലമാണോ; | (ബി) | 2020 ഫെബ്രുവരി മാസത്തിൽ മാവേലിക്കര, തളിപ്പറമ്പ് ഇലക്ട്രിക്കൽ സെക്ഷനുകളുടെ കീഴിൽ സർവ്വശ്രീ. കമലഹാസൻ, രാജീവൻ എന്നീ ഇലക്ട്രിസിറ്റി വർക്കർമാർക്ക് ജോലിക്കിടയിൽ സംഭവിച്ച അപകടത്തിന്റെ യഥാർത്ഥ കാരണങ്ങൾ കണ്ടെത്തുന്നതിനായുള്ള അന്വേഷണത്തിൽ മാവേലിക്കരയിലും തളിപ്പറമ്പിലും വൈദ്യുതി ലൈനിലെ ജോലിക്കിടയിൽ കെ.എസ്.ഇ.ബി.എൽ ജീവനക്കാർ മരിച്ചത് സുരക്ഷാ നടപടികൾ പാലിക്കാത്തതു മൂലമാണ് എന്ന പ്രാഥമിക വിവരമാണ് ലഭിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച വിശദമായ അന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ വിശദവിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (സി) | തൃശ്ശൂർ മൂർക്കനാട് പൊട്ടിവീണ വൈദ്യുതി കമ്പിയിൽ തട്ടി രണ്ട് സ്ത്രീകൾ ഫെബ്രുവരി 27-ന് മരിക്കുവാനിടയായ സാഹചര്യം അന്വേഷിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. തൃശൂർ മൂർക്കനാട് പൊട്ടി വീണ വൈദ്യുതി കമ്പിയിൽ തട്ടി രണ്ടു സ്ത്രീകൾ മരിച്ച സംഭവത്തിൽ അന്വേഷണം നടത്തുകയും വേണ്ട സുരക്ഷാ നടപടികൾ കൈക്കൊള്ളാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | വൈദ്യുതി കമ്പി പൊട്ടി വീണാലുടൻ പവർ ഓഫ് ആകുന്ന സംവിധാനം നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ഡി) | വൈദ്യുതി കമ്പി പൊട്ടി വീണാൽ ഉടൻ തന്നെ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെടുന്ന സ്മാർട്ട് എം.സി.സി.ബി. സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ പൈലറ്റ് ആയി നടപ്പിലാക്കാൻ തീരുമാനിച്ചു ഇതിന്റെ പ്രവർത്തന നിലവാരം വിലയിരുത്തിയതിനു ശേഷം തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. കൂടാതെ കേരളത്തിലെ വിവിധ എൻജിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെട്ട് കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ആധുനിക രീതിയിലുള്ള സുരക്ഷാസംവിധാനം രൂപപ്പെട്ട |

| | | | |
|---|---|---|---|
| | | | ത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | കെ.എസ്.ഇ.ബി.യുടെ അനാസ്ഥ മൂലം മരണം സംഭവിക്കുന്ന ജീവനക്കാർക്കും, പൊതുജനങ്ങൾക്കും 25 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | ജീവനക്കാർക്ക് ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്കുള്ള നഷ്ടപരിഹാരം 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകളിന്മേൽ അനുവദിച്ചു വരുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളുടെ തകരാറുകൾ മൂലം സംഭവിക്കുന്ന അപകട മരണങ്ങൾക്ക് നിലവിൽ 10 ലക്ഷം രൂപ ആശ്വാസധനസഹായമായി അനുവദിച്ചു വരുന്നു. അതിലുപരിയായി 25 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ